പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3104

07/11/2019-ൽ മറുപടിയ്ക്ക്

**കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ മാത്യു. റ്റി തോമസ് | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ക്ലാസ്സ് മുറികൾ പൊളിച്ച് മാറ്റിയതുമൂലം ക്ലാസ്സുകൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ ക്ലാസ്സ് തടസ്സപ്പെടുത്തുന്ന പക്ഷം ബദൽ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) 2019-20 വർഷം നഷ്ടപ്പെട്ട ബാച്ചുകൾ അടുത്ത വർഷം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) അടുത്ത വർഷം സ്ഥിതി വിലയിരുത്തിയതിനു ശേഷം ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| (ഡി) സ്തംഭനാവസ്ഥയിലായിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഡി) കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ഹൈസ്കൂൾ ബ്ലോക്കും, കിച്ചൺ ബ്ലോക്കുമാണ് പ്രധാനമായി വിഭാവനം ചെയ്തിട്ടുള്ളത്. ഹൈസ്കൂൾ ബ്ലോക്കിന്റെ ഒന്നാം നില നിർമ്മാണം പൂർത്തിയായി രണ്ടാം നിലയുടെ നിർമ്മാണ വേളയിൽ മണ്ണിന്റെ ഉറപ്പിന്മേൽ കിഫ്ബി രേഖാമൂലം സംശയം ഉന്നയിക്കുകയും പ്രവൃത്തി നിർത്തിവയ്ക്കാൻ കിഫ്ബി രേഖാമൂലം നിർദ്ദേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ വീണ്ടും മണ്ണ് പരിശോധനയ്ക്ക് 'കിറ്റ്കോ'യെ, ചുമതലപ്പെടുത്തുകയും ചെയ്തു. കിറ്റ്കോ സമർപ്പിച്ച പരിശോധന റിപ്പോർട്ട് കിഫ്ബിയ്ക്ക് കൈമാറിയിട്ടുണ്ട്. സ്തംഭനാവസ്ഥ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**